**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2630** **18.06.2018-ൽ മറുപടിയ്ക്ക്**

## മലയോര ഹൈവേയുടെ അങ്കമാലി മണ്ഡലത്തിലെ സ്ഥിതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.റോജി എം. ജോൺ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) | അങ്കമാലി നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട മലയോര ഹൈവേയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) ഈ ഡിവിഷന്റെ പരിധിയിൽ വരുന്ന വെറ്റിലപ്പാറ മുതൽ കാടപ്പാറ വരെ പ്രദേശത്ത് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചു. പ്രവർത്തി നിർവ്വഹിക്കുന്നതിനായി സ്ഥലത്ത് സർവ്വേ ആരംഭിച്ചപ്പോൾ ഫോറസ്റ്റ് അധികൃതർ തടയുകയും തുടർന്ന് ഫോറസ്റ്റിൽ നിന്ന് എൻ.ഒ സി. ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സംയുക്ത പരിശോധനയ്ക്ക് വനം വകുപ്പ് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇത് മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലൂടെയാണ് കടന്ന് പോകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) അയ്യമ്പുഴ, മലയാറ്റൂർ. |
| (സി) | ഈ പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) ഇല്ല |
| (ഡി) | പ്രസ്തുത ഹൈവേയുടെ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) വനം വകുപ്പിൽ നിന്നും NOC ലഭിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി സംയുക്ത പരിശോധനയ്ക്ക് വനം വകുപ്പ് അധികൃതർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ